(ഇ) ഈ പ്രോജക്ടിന് വേണ്ടിവരുന്ന മതിപ്പ് ചെലവെത്ര;

(എഫ്) ഈ തുക എപ്രകാരം കണ്ടെത്താൻ ഉദ്ദേശിക്കുന്നുവെന്ന് വിശദീകരിക്കുമോ;

(ജി) എത്രകാലംകൊണ്ട് ഈ പ്രോജക്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ഉണ്ട്.

(ബി) പ്രാദേശികതലത്തിൽ അർത്ഥവത്തായ ആസൂത്രണം നടത്താൻ സഹായകരമായ വിവരശേഖരമുണ്ടാക്കുന്നതിനുവേണ്ടിയാണ് സ്റ്റേറ്റ് ലവൽ ഇൻഫർമാറ്റിക്സ് ഫോർ ഡി സെൻട്രലൈസ്ഡ് പ്ലാനിംഗ് (എസ്സ്.എൽ.ഐ.ഡി.ഇ.) എന്ന പ്രോജക്ട് സി ഡിറ്റ് വിഭാവനം ചെയ്തത്. അതായത് വികേന്ദ്രീകൃത ആസൂത്രണത്തിനുവേണ്ടി സംസ്ഥാനമൊട്ടാകെ ഒരു വിവര വ്യവസ്ഥ വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ഒരു പൈലറ്റ് പ്രോജക്ടാണിത്.

(സി) സി ഡിറ്റിലെ പ്രോജക്ട് മാനേജ്മെന്റ് ടീമാണ് പ്രോജക്ട് തയ്യാറാക്കിയത്.

(ഡി) വിവിധ വിഷയങ്ങളിൽ വൈദഗ്ധ്യമുള്ളവരുമായി നടത്തിയ ചർച്ചകളുടേയും പഠനങ്ങളുടേയും അടിസ്ഥാനത്തിലാണ് സി-ഡിറ്റിലെ പ്രോജക്ട് ടീം ഈ പ്രോജക്ട് നിർദ്ദേശത്തിന് രൂപം കൊടുത്തിട്ടുള്ളത്. സി ഡിറ്റിൽ നിന്നും ഈ പ്രവർത്തനത്തിൽ ഉൾപ്പെട്ട വ്യക്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

(1) ശ്രീ. എ.ആർ. വേലായുധൻ പിള്ള കൺസൾട്ടന്റ്, ബി.എസ്സ്.സി (എൻജി), എം.എസ്.സി (എൻജി), എൽ.എൽ.ബി

(2) ശ്രീ. പി.വി. ഉണ്ണിക്കൃഷ്ണൻ, രജിസ്ട്രാർ, ബി.എസ്സ്.സി. (എൻജി), എം(ടെക്)

(3) ശ്രീ. എസ്. സജിത്, പ്രോജക്ട് കോ-ഓർഡിനേറ്റർ, ബി.ടെക്, പി.ജി.ഡി.ആർ.എം.

(ഇ) 421.83 ലക്ഷം രൂപ (നാനൂറ്റി ഇരുപത്തി ഒന്ന് ലക്ഷത്തി എൺപത്തിമൂവായിരം രൂപ)

(എഫ്) ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി സി ഡിറ്റിന്റെ പദ്ധതിവിഹിതത്തിൽ 1998-99 വർഷത്തിൽ 25 ലക്ഷം രൂപയും 1999-2000 വർഷത്തിൽ 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ബാക്കി തുക കണ്ടെത്താൻ തൽക്കാലം നിർദ്ദേശം ഒന്നും ഇല്ല.

(ജി) പൈലറ്റ് പ്രോജക്ട് സി-ഡിറ്റിന് ലഭ്യമാകുന്ന ധനസഹായമനുസരിച്ച് രണ്ടുവർഷം കൊണ്ട് പൂർത്തിയാക്കണമെന്നാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്.

7 (*314) **റവന്യൂ വകുപ്പിലെ ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് വിജിലൻസ് സെല്ലുകൾ**

ശ്രീ. കെ.പി. രാജേന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാജു :

ശ്രീ. യു.എസ്. ശശി :

ശ്രീ. പി. നാരായണൻ :

ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിലെ അഴിമതി, ക്രമക്കേടുകൾ എന്നിവയെക്കുറിച്ച് ലഭിക്കുന്ന പരാതികളെക്കുറിച്ച് അന്വേഷിക്കുന്നതിന് വിജിലൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ സെല്ലുകളുടെ പ്രവർത്തനം എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സെല്ലുകൾ രൂപീകരിച്ചതിനുശേഷം ഓരോ സെല്ലിലും എത്ര പരാതികൾ വീതം ലഭിച്ചു; ഈ പരാതികളിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര പേർക്കെതിരെയാണ് നടപടികളെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) രൂപീകരിച്ചിട്ടുണ്ട്. 1996 ഡിസംബർ മാസം മുതൽക്കാണ് പ്രവർത്തനം ആരംഭിച്ചത്.

(ബി) ഉത്തരമേഖല വിജിലൻസ് സെല്ലിൽ 1999 മാർച്ച് 31 വരെ 310 പരാതികളും ദക്ഷിണമേഖലാ വിജിലൻസ് സെല്ലിൽ 1999 മാർച്ച് 31 വരെ 447 പരാതികളും ലഭിച്ചിട്ടുണ്ട്. ഉത്തരമേഖല വിജിലൻസ് സെല്ലിൽ ലഭിച്ച 310 പരാതികളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് 178 കേസ്സുകളിലും റിപ്പോർട്ട് സമർപ്പിക്കുവാനുള്ളത് 122 കേസ്സുകളിലുമാണ്. അതുപോലെ ദക്ഷിണമേഖലാ വിജിലൻസ് സെല്ലിൽ 31.3.99 വരെ ലഭിച്ച 447 പരാതികളിൽ 229 കേസ്സുകളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 218 കേസ്സുകളിൽ റിപ്പോർട്ട് സമർപ്പിക്കുവാനുണ്ട്. ആരോപണത്തിന് വിധേയരായവരിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുള്ള കേസ്സുകളിൽ സസ്പെൻഷൻ, സ്ഥലംമാറ്റം, അച്ചടക്ക നടപടികൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്.

(സി) തഹസീൽദാർ, ഡെപ്യൂട്ടി തഹസീൽദാർ, വില്ലേജ് ഓഫീസർ, വില്ലേജ് അസിസ്റ്റന്റ്, യു.ഡി. ക്ലാർക്ക്, എൽ.ഡി. ക്ലാർക്ക്, വില്ലേജ്മാൻ, പ്യൂൺ എന്നീ തസ്തികയിലുള്ളവരുടെ പേരിലുള്ള ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടുള്ള കേസ്സുകളിൽ 12 പേരെ സസ്പെന്റ് ചെയ്യുകയും 60 പേർക്ക് പ്രധാനമല്ലാത്ത തസ്തികകളിലേയ്ക്ക് സ്ഥലംമാറ്റം നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി റിപ്പോർട്ടിൻമേൽ നടപടി വിവിധ ഘട്ടത്തിലാണ്.

**8 (*315) വീട്ടുകരം കണക്കാക്കുന്നതിന് പുതിയ സംവിധാനം**

ശ്രീമതി എൻ.കെ. രാധ :

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. പി. വിശ്വൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :